ഉത്തരം

(എ — ഇ) വിവരം ശേഖരിച്ചുവരുന്നു.

പക്ഷി-മൃഗാദി ബലി നിരോധന ലംഘനം

420 [2516] ശ്രീ. കെ. ബാബു:

,, ഡൊമിനിക് പ്രസന്റേഷൻ:

ശ്രീമതി രാഘവ രാഘവൻ:

ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ:

,, എ. സുജനപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മൃഗങ്ങളേയും പക്ഷികളേയും ബലി നൽകുന്നത് നിയമംമൂലം നിരോധിച്ചിട്ടുണ്ടോ; ഈ നിരോധനം ലംഘിക്കുന്നത് ഒരു ക്രിമിനൽ കുറ്റമാണോ; എങ്കിൽ ലംഘിക്കുന്നതിനുള്ള ശിക്ഷ എന്തെന്ന് വെളിപ്പെടുത്തുമോ;

(ബി) പാലക്കാട് ജില്ലയിലെ അത്തിപ്പൊറ്റയിൽ മങ്ങാട്ടു ഭഗവതിക്ഷേത്രത്തോടു ചേർന്ന മൂക്കൻ ചാത്തൻ കോവിലിൽ 2004 ഏപ്രിൽമാസം നടത്തിയ ഉൽസവത്തിൽ മൃഗബലിയും പക്ഷിബലിയും നടന്നുവോ;

(സി) ഈ ബലി നിരോധിക്കണമെന്ന് സ്വാമി ഭൂമാനന്ദതീർത്ഥ ജില്ലാ കളക്ടറോടും ഡി. എസ്. പി.-യോടും ആവശ്യപ്പെട്ടിരുന്നുവോ;

(ഡി) ബലി നടന്നിടത്ത് നിരവധി പോലീസുകാരുണ്ടായിരുന്നുവോ;

(ഇ) നിയമംമൂലം നിരോധിക്കപ്പെട്ട മൃഗ-പക്ഷി ബലി തടയാതെ പോലീസ് നോക്കിക്കൊണ്ട് നിന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) എങ്കിൽ ഇതു തടയാത്ത പോലീസുകാരുടെ നടപടി കുറ്റകൃത്യമാണോ എന്നറിയിക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് മൃഗങ്ങളേയും പക്ഷികളേയും ബലി നൽകുന്നത് പ്രിവൻഷൻ ഓഫ് ക്രൂവൽറ്റി അനിമൽ ആക്ട് 1960 പ്രകാരം നിരോധിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. ആയത് നിരോധിച്ചുകൊണ്ടുള്ള ഹിന്ദുമത ധർമ്മ സ്ഥാപന വകുപ്പ് അസിസ്റ്റന്റ് കമ്മീഷണറുടെ ഉത്തരവ് 29-4-2004-ൽ ആലത്തൂർ സർക്കിൾ ഇൻസ്പെക്ടറുടെ കാര്യാലയത്തിൽ ലഭിച്ചിട്ടുണ്ട്. അതിനുശേഷം ഉൽസവവുമായി ബന്ധപ്പെട്ട് മൃഗബലിയും പക്ഷിബലിയും നടന്നിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) ആവശ്യപ്പെട്ടിരുന്നു.

(ഡി) ഉൽസവ സ്ഥലത്ത് ഉണ്ടായിരുന്നു.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എഫ്) ഉത്തരം 'ഇ'-യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

പോലീസ് നവീകരണം, വാഹനങ്ങൾ, അടിസ്ഥാന സൗകര്യങ്ങൾ എന്നിവയുടെ ചെലവ്

421 [2525] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001, 2002, 2003 വർഷങ്ങളിൽ പോലീസ് വകുപ്പിന്റെ നവീകരണത്തിനായി സംസ്ഥാനത്ത് എത്ര തുക ചെലവഴിച്ചു; ഇതിൽ സംസ്ഥാന സർക്കാർ, കേന്ദ്ര സർക്കാർ എന്നിവയുടെ വിഹിതം എത്ര;

(ബി) ഈ കാലയളവിൽ വാഹനങ്ങൾ വാങ്ങുന്നതിനുവേണ്ടി എത്ര തുക ചെലവഴിച്ചു; പോലീസ് വകുപ്പിൽ സംസ്ഥാനത്ത് ഇപ്പോൾ എത്ര വാഹനങ്ങൾ ഉണ്ട്; ഇനം തിരിച്ച് വിശദീകരിക്കുമോ;

(സി) 2001, 2002, 2003 എന്നീ വർഷങ്ങളിൽ പോലീസ് സ്റ്റേഷനുകൾ, പോലീസ് ക്യാമ്പുകൾ എന്നിവയുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിന് ചെലവഴിച്ച തുക ജില്ല തിരിച്ച് വിശദമാക്കാമോ?

ഉത്തരം

(എ) 2001, 2002, 2003 വർഷങ്ങളിൽ പോലീസ് വകുപ്പിന്റെ നവീകരണത്തിനായി ചെലവഴിച്ച തുകയുടെ കണക്ക് അനുബന്ധം-I ആയി ചേർത്തിരിക്കുന്നു.†

(ബി) വാഹനങ്ങൾ വാങ്ങുന്നതിനുവേണ്ടി 2001-2002-ൽ 18,42,71,455 രൂപയും, 2002-2003-ൽ 14,84,71,833 രൂപയും, 2003-2004-ൽ 9,42,95,218 രൂപയും ചെലവഴിച്ചു. പോലീസ് വകുപ്പിൽ ഇപ്പോൾ ഉള്ള വാഹനങ്ങളെ സംബന്ധിച്ച വിശദ വിവരം അനുബന്ധം II ആയി ചേർത്തിരിക്കുന്നു.†

(സി) 2001-2002 വർഷത്തിൽ ഈ ഇനത്തിൽ തുകയൊന്നും ചെലവഴിച്ചിട്ടില്ല. 2002-2003 വർഷത്തിൽ ചെലവഴിച്ച തുകയുടെ ജില്ല തിരിച്ചുള്ള വിശദവിവരം അനുബന്ധം III ആയി ചേർത്തിരിക്കുന്നു.†

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly